# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3866** **27/06/2012 ൽ മറുപടിക്ക്**

**എൻ.ആർഎച്ച്.എം.പദ്ധതിയിൽപ്പെടുത്തി കാൻസർ രോഗ നിർണ്ണയം**

**ചോദ്യം** **മറുപടി**

**ശ്രീ. എം.പി.വിൻസെന്റ്** **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ആർ.സി.സി.യിലെ ഡോക്ടർമാരുടെ ജോലിഭാരം കണക്കിലെടുത്ത് ഇൻഷ്വറൻസ്/ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ ഒപ്പിടുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ: | (എ) | ആർ.സി.സി.യിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ റീഇംബേഴ്സ്മെന്റ് ബില്ലുകൾ/ ഇൻഷ്വറൻസ് ബില്ലുകൾ കാലതാമസം കൂടാതെ ഒപ്പിട്ടുനൽകുന്നതിനായി അതാത് ക്ലിനിക്കുകളിൽ തന്നെ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പക്ഷം മറ്റു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതാണ്. |
| (ബി) | ആർ.സി.സിയിലെ നിലവിലുള്ള റേഡിയോളജി വിഭാഗത്തിൽ ആധുനികവൽക്കരണം നടപ്പിലാക്കുമോ ; എൻ.ആർ.എച്ച്.എം. പദ്ധതിയിൽപ്പെടുത്തി കാൻസർ രോഗനിർണ്ണയ പദ്ധതികൾ കൂടുതൽ വ്യാപകമാക്കാമോ; വിശദമാക്കുമോ? | (ബി) | ആർ.സി.സി.യിലെ ഇമേജിയോളജി (റേഡിയോളജി) വിഭാഗത്തിൽ ആധുനിക സംവിധാനങ്ങളായ സ്തനാർബുദം നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റും, ബയോപ്സി യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. ഇത് കൂടാതെ PACS (Picture Archival and Communication System) സംവിധാനവും പുതുതായി സ്ഥാപിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. പദ്ധതിയിൽപ്പെടുത്തി കാൻസർ രോഗനിർണ്ണയ പദ്ധതികൾ കൂടുതൽ വ്യാപകമാക്കുന്നതിനുള്ള നടപടി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ